(സി) എല്ലാ ആക്ടുകളുടേയും മലയാള പരിഭാഷ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) 11-ാം കേരള നിയമസഭ പാസ്സാക്കി പ്രസിദ്ധീകരിച്ചതും ഇതുവരെ മലയാളത്തിൽ പരിഭാഷ നടത്തി പ്രസിദ്ധീകരിച്ചതുമായ ആക്ടുകളുടെ പകർപ്പുകൾ ഇതോടൊപ്പം വയ്ക്കുന്നു.*

പബ്ലിക് നോട്ടറിമാരുടെ നിയമനം

40 (2798) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പബ്ലിക് നോട്ടറിമാരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) ഇപ്പോൾ കേരളത്തിൽ ആകെ എത്ര നോട്ടറിമാരാണ് ഉള്ളത് ;

(സി) പുതുതായി നോട്ടറിമാരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ ആയത് എന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 9-5-2001 മുതൽ നോട്ടറിമാരുടെ എണ്ണത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ ആകെ 787 നോട്ടറിമാരാണുള്ളത്.

(സി) ഉണ്ട്. 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ 8 (4എ) ചട്ടപ്രകാരം കേരള സർക്കാരിന് എല്ലാ ജില്ലകളിലും കൂടി നിയമിക്കാവുന്ന നോട്ടറിമാരുടെ എണ്ണം 375 മാത്രമാണ്. നോട്ടറിമാരുടെ എണ്ണം 375-ലേക്ക് കുറയ്ക്കേണ്ടതായിട്ടുണ്ട്. ഇക്കാരണത്താൽ പുതുതായി നോട്ടറിമാരെ നിയമിക്കുവാൻ സാധിക്കുന്നില്ല.

ലീഗൽ അസിസ്റ്റന്റ് നിയമനത്തിന്റെ നടപടിക്രമങ്ങൾ

41 (2799) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(ബി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് നിയമനത്തിനായി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള പരീക്ഷ ഏത് സ്ഥാപനമാണ് നടത്തുന്നത്; ഇപ്പോൾ പരീക്ഷ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരീക്ഷ എന്ന് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; പരീക്ഷ നടത്തുന്നതിലുണ്ടായിട്ടുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കൂടി വ്യക്തമാക്കുമോ;

(ഡി) ഈ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ ഒരു പൊതുപരീക്ഷയാണോ ഇപ്രാവശ്യവും ഉദ്ദേശിച്ചിട്ടുള്ളത്; അല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് കൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16-5-2000-ൽ അവസാനിച്ചു. തസ്തികമാറ്റം വഴി നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 2-5-2003-ൽ അവസാനിച്ചു.

(ബി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ 12 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി. റാങ്ക്‌ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഈ ഒഴിവുകൾ താൽക്കാലികമായി നികത്തിയിട്ടുണ്ട്.

(സി) തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള പരീക്ഷ നടത്താൻ ഇപ്പോൾ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിന്നും തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റുമാരായി നിയമനത്തിനുള്ള ലിസ്റ്റിൽ ആരും അവശേഷിച്ചിട്ടില്ലാത്തതിനാൽ ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി 18-5-2003-ന് പരീക്ഷ നടത്തിയിട്ടുണ്ട്. സെക്രട്ടേറിയറ്റിന് പുറത്തുള്ള വകുപ്പുകളിൽ നിന്നും തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) നേരിട്ടുള്ള നിയമനത്തിനുവേണ്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടത് പി.എസ്.സി.യാണ്. തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് നിയമനത്തിന് സെക്രട്ടേറിയറ്റ് കാറ്റഗറിയിൽ നിന്നുള്ളവരുടെയും മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ളവരുടെയും പ്രത്യേകം ലിസ്റ്റുകളാണ് തയ്യാറാക്കുന്നത്. സെക്രട്ടേറിയറ്റ് കാറ്റഗറിയിൽ നിന്നുള്ളവരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പരീക്ഷ 18-5-2003-ൽ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി മുഖേന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly